(ബി) റംസാൻ, ഓണം തുടങ്ങിയ ഉത്സകാലങ്ങളിൽ കഴിഞ്ഞ എട്ട് വർഷങ്ങളായി സബ്സിഡി വിപണന മേളകൾ സഹകരണ വകുപ്പിന്റെ സഹകരണത്തോടെ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു. ഈ വർഷവും റംസാൻ, ഓണം കാലങ്ങളിൽ വിപണന മേളകൾ നടത്തുന്നതിനുള്ള നടപടികൾ കൺസ്യൂമർഫെഡറേഷൻ സ്വീകരിച്ചിട്ടുണ്ട്.

സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ

88 (7924) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ ആരംഭിച്ചു ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ എത്ര എണ്ണം പുതുതായി ആരംഭിച്ചു ; വ്യക്തമാക്കാമോ ;

(ബി) ആലപ്പുഴ ജില്ലയിൽ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ എത്ര എണ്ണം എവിടെയെല്ലാം പ്രവർത്തിക്കുന്നു ; വ്യക്തമാക്കുമോ ;

(സി) ഒരു സഞ്ചരിക്കുന്ന ത്രിവേണിസ്റ്റോർ ആരംഭിക്കുന്നതിന് കൺസ്യൂമർഫെഡിന് എന്ത് തുക ചെലവാകും ; സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ ശരാശരി വിറ്റുവരവ് എത്ര ; വിശദമാക്കാമോ ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 3 സഞ്ചരിക്കുന്ന ത്രിവേണികൾ ആരംഭിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 139 സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളാണ് പുതുതായി ആരംഭിച്ചത്.

(ബി) ആലപ്പുഴ ജില്ലയിൽ താഴെ വിവരിച്ചിട്ടുള്ള പ്രകാരം ഒൻപത് സഞ്ചരിക്കുന്ന ത്രിവേണികളാണ് പ്രവർത്തിക്കുന്നത്.

ക്രമ നമ്പർ	സഞ്ചരിക്കുന്ന ത്രിവേണികൾ പ്രവർത്തിക്കുന്ന സ്ഥലം
(1)	(2)
1	അരൂർ
2	ചേർത്തല
3	ആലപ്പുഴ

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
4	അമ്പലപ്പുഴ
5	കുട്ടനാട്
6	ഹരിപ്പാട്
7	കായംകുളം
8	മാവേലിക്കര
9	ചെങ്ങന്നൂർ

(സി) ഒരു സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ ആരംഭിക്കുന്നതിന് ശരാശരി 15 ലക്ഷം രൂപയാണ് ചെലവാകുന്നത്. സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ ശരാശരി വിറ്റുവരവ് പ്രതിദിനം ശരാശരി 12,500 രൂപയാണ്.

കൺസ്യൂമർഫെഡ് വെളിച്ചെണ്ണ വാങ്ങിയ വകയിലെ കടം

89 (7925) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ ഔട്ട്‌ലെറ്റുകൾ വഴി വെളിച്ചെണ്ണ വിൽപന നടത്തുന്നതിനായി വെളിച്ചെണ്ണ സംഭരിക്കുന്നത് എവിടെ നിന്നൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) വെളിച്ചെണ്ണ വാങ്ങിയ വകയിൽ കൺസ്യൂമർഫെഡ് ആർക്കൊക്കെ എത്ര തുകവീതം നൽകാനുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തുക കൊടുത്തുതീർക്കുന്നതിന് കൺസ്യൂമർഫെഡ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സഹകരണ മേഖലയിലുള്ള സ്ഥാപനങ്ങൾക്ക് മുൻഗണന നൽകിയാണ് കൺസ്യൂമർഫെഡിന്റെ ഔട്ട്‌ലെറ്റുകൾ വഴി വിൽപ്പന നടത്തുന്നതിനായി വെളിച്ചെണ്ണ സംഭരിക്കുന്നത്. കൺസ്യൂമർഫെഡ് വെളിച്ചെണ്ണ സംഭരിക്കുന്ന ഏജൻസികളുടെ വിവരം ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly